(*d*) Estimates are prepared section by section. An estimate of Rs. 3,68,000 has already been sanctioned for improving the Section covering miles 15 and 16. The estimates for the other sections are under preparation. The total estimate amount cannot be given now.

(*e*) The actual execution can only be done during the months from March to May when the channes are closed.

വിവാഹസദ്യാലയം

*ഫ ൦ വ്യ ര് (൭൨) ശ്രീ. ഇയ ഭാസ്കരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വക്കല ഒരു വിവാഹസദ്യാലയം ഉള്ളതായി അറിയാമോ;

(ബി) അവിടെ സദ്യ നടത്തുന്നതിനാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ സർക്കാരിൽനിന്നും കൊടുക്കാറുണ്ടോ;

(സി) ആ സ്ഥാപനത്തിന് റേഷൻകാർഡോ, പെർമ്മിറ്റോ ഉണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) വക്കലയിൽ പല വിവാഹ സദ്യാലയങ്ങൾ ഉള്ളതായി അറിയാം;

(ബി) ഇല്ല.

(സി) ഇല്ല.

വേളാർ സമുദായം.

*ഫ൦വ്യ൭ (൭൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ:

(എ) വേളാർ സമുദായത്തിന്റെ അവശതാപരിഹാരത്തിനായി ഗവണ്മെന്റ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ;

(ബി) തൊഴിൽപരമായി പ്രസ്തുത സമുദായത്തിന്റെ ഏകാവലംബമായ മൺപാത്രവ്യവസായത്തിന്റെ പുരോഗതിക്കായി ഗവണ്മെന്റ് എന്തെങ്കിലും ചെയ്തുകൊടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ സി. കേശവൻ):

(എ) ഉണ്ട്. മറ്റു പിന്നോക്ക സമുദായത്തിൽപെട്ട വിദ്യാർത്ഥികൾക്കുള്ള സൗജന്യങ്ങളെല്ലാം ഈ സമുദായത്തിനും അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സമുദായത്തിന്റെ സമ്പ്രതോന്മുഖമായഉന്നമനത്തിന്നായും തൊഴിൽപരമായി മൺപാത്രവ്യവസായത്തിന്റെ പുരോഗതിക്കായും ഉള്ള അവരുടെ ആവശ്യങ്ങൾ ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

പുതിയ വ്യവസായങ്ങൾ

*ഫ൦വ്യ൩. (വ്യ൦) ശ്രീ. കെ. കെ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായികമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു പുതിയ വ്യവസായങ്ങൾ വല്ലതും ഗവണ്മെൻറ് നേരിട്ടോ മറ്റുവിധത്തിലോ തുടങ്ങുന്നതിന് ആലോചനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങളാണ്;

(സി) ഓരോ വ്യവസായത്തിനും വേണ്ടിവരുന്ന മൂലധനം എത്ര?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly